കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിങ്ങാലക്കുട നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(എം)1541/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-20
ഇ.മെയിൽ:- dotsr.ksad@kerala.gov.in
ഫോൺ - 0487 2331249
തീയതി:24/11/2017

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഇരിങ്ങാലക്കുട നഗരസഭ.

സർ,

വിഷയം :ഇരിങ്ങാലക്കുട നഗരസഭ - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ നഗരപാലികാനിയമം നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിങ്ങാലക്കുട നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)- ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-9 ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3-1, 3-17 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, കേരളാ മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)1541/17 തിയ്യതി:24/11/2017

(1994ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് 295(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മാർച്ച് 2016, മാർച്ച് 2017 എന്നീ മാസങ്ങളിൽ വിവിധ ഇനങ്ങളിലായി നഗരസഭ നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2016-17 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഇ.ആർ.ബാലകൃഷ്ണൻ , ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.06.17 മുതൽ 09.06.17 വരെ (ചെലവ് ഭാഗം) |

| | | |
|---|---|---|
| | 22.9.17 മുതൽ 27.9.17 വരെ (വരവ് ഭാഗം) | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീമതി. ലത എം.എൻ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.), ശ്രീമതി.ബിത.ടി.എസ്., ഓഡിറ്റ് ഓഫീസർ, ശ്രീമതി.വിജയശ്രീ.പി., അസി. ഓഡിറ്റ് ഓഫീസർ, ശ്രീമതി.സോന.കെ.സത്യൻ, ഓഡിറ്റർ | ചെലവ് ഭാഗം |
| | 2) ശ്രീമതി.ലത.എം.എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) ശ്രീമതി.വിജയശ്രീ.പി., അസി. ഓഡിറ്റ് ഓഫീസർ, ശ്രീ.സ്റ്റാൻലി.പി.എസ്., സീ.ഗ്രേ.ഓഡിറ്റർ, ശ്രീമതി.സോന.കെ.സത്യൻ, ഓഡിറ്റർ | വരവ് ഭാഗം |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ് സൺ | ശ്രീമതി.നിമ്യ ഷിജു | 1.4.16 മുതൽ 31.3.17 വരെ |
| മുനിസിപ്പൽ സെക്രട്ടറി | ശ്രീമതി.ബീന.എസ്.കുമാർ | 1-4-16 മുതൽ 4.1.17 വരെ |
| | ശ്രീ.ഒ.എൻ.അജിത്കുമാർ | 5.1.17 മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.മണികണ്ഠകുമാർ.ടി. | 1.4.16 മുതൽ 31.3.17 വരെ |
| ഹെൽത്ത് സൂപ്പർവൈസർ & പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ | ശ്രീമതി ഉഷ .കെ | 1.4.16 മുതൽ 30.4.16 വരെ |
| | ശ്രീ.സി.കെ.അജിത് കുമാർ | 1.5.16 മുതൽ 4.8.16 FN വരെ |
| | ശ്രീ.എൻ.രാജൻ | 4.8.16 മുതൽ 12.1.17 FN വരെ |
| | ശ്രീമതി.കെ.ടി.എൻ.ഷീലാഭായ് | 12.1.17 മുതൽ 7.2.17 FN വരെ |
| | ശ്രീ.മൻമഥൻ.പി. | 7.2.17 മുതൽ 31.3.17 വരെ |
| സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി പോളി ക്ളിനിക്ക്, ഇരിങ്ങാലക്കുട | ശ്രീ.ജോയ് ജോർജ് | 1.4.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| പ്രിൻസിപ്പൽ,<br>ഗവ. ബോയ്സ് എച്ച്.എസ്.എസ് | ശ്രീമതി.എൻ.സി.വാസന്തി | 1.4.16 മുതൽ<br>31.3.17 വരെ |
| പ്രിൻസിപ്പൽ,<br>ഗവ. ബോയ്സ് എച്ച്.എസ്. | ശ്രീമതി.ഉഷ.സി.കെ | 1.4.16 മുതൽ<br>31.3.17 വരെ |
| പ്രിൻസിപ്പൽ,<br>ഗവ. ബോയ്സ്,<br>വി.എച്ച്.എസ്.ഇ. | ശ്രീ.ജിനേഷ്.എ | 1.4.16 മുതൽ<br>31.3.17 വരെ |
| ഹെഡ്മിസ്ട്രസ്,<br>ജി.എൽ.പി.എസ്, മുകുന്ദപുരം | ശ്രീമതി.ടെസ്സി.കെ.ജെ | 1.4.16 മുതൽ<br>9.6.16 വരെ |
| | ശ്രീമതി.ബിജി.ഐ.ആർ | 10.6.16 മുതൽ<br>28.7.16 വരെ |
| | ശ്രീമതി.ശശികല.ടി.കെ | 29.7.16 മുതൽ<br>5.1.17 വരെ |
| | ശ്രീ.നസീർ.ടി.എം | 6.1.17 മുതൽ<br>31.1.17 വരെ |
| | ശ്രീമതി.പദ്മജ.ടി.എ | 1.2.17 മുതൽ<br>31.3.17 വരെ |
| സൂപ്രണ്ട്,<br>താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ | ഡോ.ബിജോയ് കുമാർ.പി.കെ | 1.4.16 മുതൽ<br>31.12.16 വരെ |
| | ഡോ.ഉണ്ണികൃഷ്ണൻ.പി.എസ് | 1.1.17 മുതൽ<br>31.3.17 വരെ |
| ഹെഡ്മിസ്ട്രസ്,<br>ഗവ.ഗേൾസ് എൽ.പി.എസ്,<br>ഇരിങ്ങാലക്കുട | ശ്രീമതി.ലാജി വർക്കി.കെ | 1.4.16 മുതൽ<br>31.3.17 വരെ |
| പ്രിൻസിപ്പൽ,<br>ഗവ.മോഡൽ ഗേൾസ് എച്ച്.എച്ച്.എസ് | ശ്രീമതി.പ്യാരിജ.എം | 1.4.16 മുതൽ<br>31.3.17 വരെ |
| പ്രിൻസിപ്പൽ,<br>വി.എച്ച്.എസ്.ഇ. (ഗേൾസ്) | ശ്രീമതി.ഹേന.കെ.ആർ | 1.4.16 മുതൽ<br>31.3.17 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ് ഹൈസ്കൂൾ | ശ്രീമതി.രമണി.ടി.വി | 1.4.16 മുതൽ<br>31.3.17 വരെ |
| എസ്.പി.കെ.<br>സി.എം.എം. ജി.എൽ.പി.എസ്.&<br>യു.പി.എസ്.,<br>മാടായിക്കോണം | ശ്രീമതി.രേണുക.പി.വി | 1.4.16 മുതൽ<br>31.3.17 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.സുധീർ.എ.ആർ. | 1.4.16 മുതൽ<br>31.3.17 വരെ |
| വെറ്ററിനറി സർജൻ,<br>വെറ്റിനറി ഡിസ്പെൻസറി,<br>കരുവന്നൂർ | ഡോ.ടിട്സൺ പിൻഹിറോ | 1.4.16 മുതൽ<br>31.3.17 വരെ |

| | | |
|---|---|---|
| അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷിഭവൻ | ശ്രീ.കെ.ജെ.ജോസഫ് | 1.4.16 മുതൽ 31.3.17 വരെ |
| അഗ്രികൾച്ചറൽ ഓഫീസർ, പൊറത്തിശ്ശേരി | ശ്രീ.മുരളീധരൻ.ജി.മേനോൻ | 1.4.16 മുതൽ 18.9..16 വരെ |
| | ശ്രീ.സി.വി.രമേഷ് | 19.9.16 മുതൽ 31.10.16 വരെ |
| | ശ്രീ.വി.വി.സുരേഷ് | 1.11.16 മുതൽ 31.3.17 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | ഡോ.ഷീബ ബീഗം | 1.4.16 മുതൽ 21.1.17 വരെ |
| | ഡോ.പി.സി.ശ്രീലത | 22.1.17 മുതൽ 07.02.17 വരെ |
| | ഡോ.ആർ.കൃഷ്ണേന്ദു | 08.02.17 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ബീന.കെ.ജെ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദഡിസ്പെൻസറി, കരുവന്നൂർ പൊറത്തിശ്ശേരി | ഡോ.ജെസ് ലിൻ ജോസ് | 1.4.16 മുതൽ 31.3.17 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ആശുപത്രി, ഇരിങ്ങാലക്കുട | ഡോ.കെ.പി.മുരളി | 1.4.16 മുതൽ 30.11.16 വരെ |
| | ഡോ.എൻ.ബിജുബാലകൃഷ്ണൻ | 1.12.16 മുതൽ 30.1.17 വരെ |
| | ഡോ.പ്രീതിജോസ് | 31.1.17 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പൊറത്തിശ്ശേരി | ഡോ. പ്രവീൺകൃഷ്ണ.കെ.പി. | 1.4.16 മുതൽ 3.8.16 വരെ |
| | (04.08.16 – ഒഴിവ്) | |
| | ഡോ.മുകേഷ്.വി.എം | 5.8.16 മുതൽ 22.12.16 FN വരെ |
| | ഡോ.ബിനു.കെ.എം | 22.12.16 മുതൽ 31.3.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഉപയോഗമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാവുന്നതാണ് | 2-1 |
| 13 | കടമുറികൾ വാടകക്ക് കൊടുത്തിട്ടില്ല | 2-2 |
| 14 | തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല | 2-3 |
| 15 | മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് നടപ്പാക്കിയിട്ടില്ല | 2-4 |
| 16 | റദ്ദാക്കിയ രസീതികൾ സാക്ഷ്യപ്പെടുത്തുന്നില്ല | 2-5 |
| 17 | കെട്ടിട ക്രമവൽക്കരണം -ക്രമവൽക്കരണ ഫീ ഈടാക്കിയില്ല | 2-6 |
| 18 | ആധാരം എഴുത്തുകാർ, ടാക്സ് കൺസൾട്ടന്റുമാർ എന്നിവർ തൊഴിൽ നികുതി അടയ്ക്കുന്നില്ല | 2-7 |
| 19 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 2-8 |
| 20 | നഗരസഭയിലെ അനധികൃത നിർമ്മാണങ്ങൾ | 2-9 |
| 21 | വാടക ഈടാക്കിയിട്ടില്ല | 2-10 |
| 22 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ നഗരസഭയിൽ വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു | 2-11 |
| 23 | നഗരസഭയുടെ സാംഖ്യ പേയ്മെന്റ് ക്രമപ്രകാരമല്ല | 3-1 |
| 24 | സ്ഥാപന സോഫ്റ്റ് വെയർ അപാകത | 3-2 |
| 25 | അഡ്ജസ്റ്റ് മെന്റ് വൗച്ചർ ഹാജരാക്കേണ്ടതാണ് | 3-3 |
| 26 | അംഗൻവാടി വൈദ്യുതീകരണം – പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-4 |
| 27 | ഒരേ ദിവസം രണ്ടു വാഹനങ്ങളുടെ തുക | 3-5 |

| | | |
|---|---|---|
| | കൈപ്പറ്റി | |
| 28 | ആയുർവേദ ആശുപത്രിക്ക് ലാബ് എക്യുപ്മെന്റ്സ് വാങ്ങൽ - ക്വട്ടേഷൻ നടപടി സ്വീകരിച്ചില്ല | 3-6 |
| 29 | മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-7 |
| 30 | പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല | 3-8 |
| 31 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് - പ്രൊജക്ട് വിഭാവനം ചെയ്തതിൽ അപാകം | 3-9 |
| 32 | എസ്.എസ്.എ. - വിഹിതം | 3-10 |
| 33 | തെരുവുവിളക്ക് പരിപാലനം | 3-11 |
| 34 | മരാമത്തു പ്രവൃത്തികൾ - പൊതു അവലോകനം | 3-12 |
| 35 | മുൻകൂർ തുക അനുവദിച്ച പദ്ധതികൾ - മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചു | 3-13 |
| 36 | വനിതകൾക്ക് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം - ആവശ്യമായ എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടില്ല | 3-14 |
| 37 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല | 3-15 |
| 38 | രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി ഭവനങ്ങളിലേയ്ക്ക് | 3-16 |
| 39 | ഡോക്ടർ അംബേദ്കർ സ്മാരക സാംസ്കാരിക നിലയം - ഗുണഭോക്താക്കൾക്ക് തുറന്നു കൊടുത്തിട്ടില്ല | 3-17 |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 43 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |

| | | |
|---|---|---|
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2016-17 വർഷത്തെ ബജറ്റ് 2-3-16-ലെ കൗൺസിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രതീക്ഷിത വരവ് 576470901/- രൂപയും പ്രതീക്ഷിത ചെലവ് 327334864/- രൂപയും ആണ്. 29-3-2017-ൽ ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.17 | 4.8.17 |

2016-17 വർഷത്തെ വാർഷിക കണക്കുകൾ വൈകിയാണ് ഈ ഓഫീസിൽ ലഭ്യമാക്കിയത്. വാർഷിക കണക്കുകൾ കാലതാമസം കൂടാതെ ഓഡിറ്റിന് ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കുകളിൽ ഏതാനും അപാകതകൾ നിലനിൽക്കുന്നു. വാർഷിക കണക്കുകളുടെ പരിശോധനക്കാവശ്യമായ ചില രേഖകളും ലഭ്യമാക്കിയില്ല.

1) ധനലക്ഷ്മി ബാങ്ക് (അക്കൗണ്ട് നം. 6573) പാസ്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഇന്ത്യൻബാങ്ക്- സ്വീപ്പ്-8998,

IOB-1666-IHSDP,

ഇന്ത്യൻബാങ്ക്-DSWM-7854 എന്നീ അക്കൗണ്ടുകളുടെ 31.3.2017-ലെ നഗരസഭയുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക, ബാങ്ക് പാസ്സ് ബുക്കിലെ തുകയുമായി റീകൺസിലിയേഷൻ നടത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്ററുകൾ പ്രകാരം 31.3.17-ൽ ടാർ, തെരുവു വിളക്ക് ഉപകരണങ്ങൾ എന്നിവ നീക്കിയിരിപ്പുണ്ട്. 31.3.17-ലെ സ്റ്റോക്ക് നീക്കിയിരിപ്പിന്റെ മൂല്യം കണക്കാക്കി ഷെഡ്യൂൾ B-14 ൽ (Stock in hand) ഉൾപ്പെടുത്തിയിട്ടില്ല.

4) ഷെഡ്യൂൾ B-12-ൽ ഉൾപ്പെടുത്തിയിട്ടുള്ള Investment Equity Shares-50,00,000/- രൂപയുടെ രശീതി/ഷെയർ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല.

5) വികസനഫണ്ട് (എസ്.സി.പി) ഇനത്തിൽ വാർഷിക കണക്ക പ്രകാരമുള്ള വരവ് തുകയും ACR പ്രകാരമുള്ള വരവ് തുകയും തമ്മിൽ 28,000/- രൂപ വ്യത്യാസമുണ്ട്.

വാർഷികകണക്കുപ്രകാരമുള്ള തുക = 10488998

ACR പ്രകാരമുള്ള തുക = 10460998

6) 31.3.17-ൽ 6000/- രൂപയാണ് ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കാൻ ബാക്കിയുള്ളത്. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18-ൽ ഈ ഇനത്തിൽ എക്സസ് വരവ് വന്ന 3000/- രൂപ കുറവുചെയ്ത് 3000/- രൂപ മാത്രമാണ് കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടുള്ളത്. എക്സസ് വരവ് വന്ന 3000/- രൂപ ലയബിലിറ്റി ഹെഡിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

7) അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31.3.2017-ലെ ക്രമീകരിക്കാത്ത മുൻകൂർ തുക 4,77,532/- രൂപയാണ്. എന്നാൽ B-18 ഷെഡ്യൂൾ പ്രകാരമുള്ള തുക 4,67,532/- രൂപയാണ്. 10,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

8) വായ്പ - ടി.ഡി.സി ബാങ്കിലേക്ക് മാർച്ച് 2017ന് അടവാക്കിയ 146377/- വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) ഗുണഭോക്തൃവിഹിതം-ഈ ഇനത്തിന്റെ ലെഡ്ജർ പരിശോധിച്ചപ്പോൾ 14,55,886/- രൂപ ചെലവുള്ളതായി കാണുന്നു. (160109900-other revenue grants) ഈ തുക ഏതു പദ്ധതിക്കുവേണ്ടി ചെലവഴിച്ചു എന്ന വിവരം ലഭിച്ചിട്ടില്ല.

10) B-21 ഷെഡ്യൂളിൽ വസ്തുനികുതി, തൊഴിൽ നികുതി, വാടക ഇനങ്ങളിൽ കിട്ടാനുള്ള തുകകൾക്ക് ആകെ 14,33,163/- രൂപ (-) provision വച്ചുകാണുന്നു. ആ തുക കണക്കാക്കിയതിന്റെ വിശദവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഈ ഇനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നതിനേക്കാൾ വലിയ തുകകളാണ് പ്രൊവിഷൻ വച്ചിട്ടുള്ളത്.

11) 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിലെ ഡെപ്പോസിറ്റ് രജിസ്റ്റർ, വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി ഡി.സി.ബി. സംക്ഷിപ്തം എഴുതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
വസ്തുനികുതി, തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ്, ലേലം തുടങ്ങിയ വരവിനങ്ങളുടെയൊന്നും തന്നെ ഡി.സി.ബി. കണക്കുകൾ വാർഷിക കണക്കുകളുമായി ഒത്തുനോക്കാൻ ലഭ്യമാക്കിയിട്ടില്ല. വാടകയുടെ രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി. കണക്കുകൾ വാർഷിക കണക്കുകളിലെ തുകകളുമായി ഒത്തുപോകുന്നില്ല.

12) ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.ക്ക് 20 ലക്ഷം രൂപയും വാട്ടർ അതോറിറ്റിക്ക് 10 ലക്ഷം രൂപയും അംഗൻവാടി വൈദ്യുതീകരണത്തിനായി PWD ഇലക്ട്രിക്കൽ വിഭാഗത്തിന് 118125/- രൂപയും കൈമാറിയിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങൾ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല. ആയതിനാൽ ടി തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. അപ്രകാരം ചെയ്തിട്ടില്ല.

13) ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ല.

14) 31.03.2017 വരെ സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

15) നിർവഹണ ഉദ്യോഗസ്ഥർ (സെക്രട്ടറി ഒഴികെ) വഴി നടപ്പിലാക്കുന്ന പദ്ധതി ചെലവിൽ നിന്നും പിരിച്ചെടുക്കുന്നതും അടവാക്കുന്നതുമായ ആദായനികുതി, വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 55832862.41
വരവ് –215303619
ആകെ –271136481.41
ചെലവ് –199221590
നീക്കിയിരിപ്പ് - 71914891.41

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | തൻവർഷ ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 54694134 | 36449979 | 18244155 | 66.6% |
| വികസനഫണ്ട് എസ്.സി.പി. | 38728491 | 10488998 | 28239493 | 27% |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 44093988 | 17254976 | 26839012 | 39% |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 17993064 | 6602418 | 11390646 | 36.69% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 61231127 | 17178075 | 44053052 | 28% |
| ലോകബാങ്ക് സഹായം | 8037210 | 2513780 | 5523430 | 31.28% |

എല്ലാ ഫണ്ടിനങ്ങളുടേയും ചെലവു ശതമാനം തീരെ കുറവാണെന്നു കാണാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച തുകയുടെ പകുതി പോലും നഗരസഭക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. നഗരസഭാ ഭരണ വിഭാഗം ഇക്കാര്യം പരിശോധിച്ച് തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ

പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം ) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | നടപ്പാക്കാത്തവ (എണ്ണം ) | പൂർത്തീകരിച്ച് പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 443 | 228074386 | 210 | 90492526 | nil | 233 | 47.40 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13.12 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 38834333 | 48332224 | 9497891 | 24.4 |
| നികുതിയേതര വരവുകൾ | 15620435 | 13736188 | -1884247 | (-)12.06 |
| മറ്റുവരവുകൾ | 23166908 | 25738631 | 2571723 | 11.1 |
| ആകെ | 77621676 | 87807043 | 10185367 | 13.12 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 215520 | 146 |
| കർഷക തൊഴിലാളി പെൻഷൻ | 6484300 | 645 |
| വിധവാ പെൻഷൻ | 26834520 | 2311 |
| വാർദ്ധക്യകാല പെൻഷൻ | 35570120 | 4136 |
| വികലാംഗ പെൻഷൻ | 5215590 | 529 |
| അവിവാഹിതരായ 50 | 2222590 | 217 |

| | | |
|---|---|---|
| വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിവാഹ ധനസഹായം | 400000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.9.17-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹322893/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ഗ്രഹിക്കാൻ സഹായകമായ രീതിയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.7.2016-27.7.16 | 2014-15, 15-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.9.2015 | 2013-14, 2014-15 | 2.12.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഉപയോഗമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാവുന്നതാണ്

2016-17 വർഷത്തെ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിലൂടെ ഓഡിറ്റ് വർഷം നഗരസഭ ധനവിനിമയം നടത്തിയതായി കാണുന്നില്ല.പലതും വർഷങ്ങളായി നിർജ്ജീവമാണ്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബാങ്കിന്റെ പേര് | 31.3.2017ലെ നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|
| SBT-4073 | 17613.18 | 2012നു ശേഷം |

| | | |
|---|---|---|
| | | ഇടപാടുകളില്ല |
| TDCB Loan-8556 | 2000 | 2016-17-ൽ ഇടപാടുകളില്ല |
| ധനലക്ഷ്മി ബാങ്ക്-6573 | 5756 | 2016-17-ൽ ഇടപാടുകളില്ല |
| കരുവന്നൂർ SCB | 50941.73 | പലിശ വരവു മാത്രം |
| UBI-15443 | 1632 | പലിശ വരവു മാത്രം |
| SBT-മുനിസിപ്പൽ എഞ്ചിനീയർ - 52983 | 457460 | പലിശ വരവു മാത്രം |
| SBI-Project officer-43366 | 16547 | പലിശ വരവു മാത്രം |
| വിജയബാങ്ക് -ക്രിമറ്റോറിയം | 32272 | പലിശ വരവു മാത്രം |
| IOB-237 | 2342 | പലിശ വരവ്, ബാങ്ക് ചാർജ് ചെലവ് മാത്രം |
| ഇന്ത്യൻ ബാങ്ക്-സെൻസസ് | 20990 | പലിശ വരവു മാത്രം |
| ഇരിങ്ങാലക്കുട ടൗൺ കോ.ഓപ്പറേറ്റീവ് ബാങ്ക് | 2069 | 2016-17-ൽ ഇടപാടുകളില്ല |
| SBT-സെക്രട്ടറി-4379 | 888217 | 2016-17-ൽ ഇടപാടുകളില്ല |

മേൽ പറഞ്ഞ അക്കൗണ്ടുകൾ ഏതെല്ലാം ആവശ്യങ്ങൾക്കായി ആരംഭിച്ചു, നിലവിൽ ഇവ നഗരസഭക്ക് ആവശ്യമുണ്ടോ, ഇല്ലെങ്കിൽ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾക്കായി ഓഡിറ്റ് എൻക്വയറി നം.2/25.9.2017 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

SBT-മുനിസിപ്പൽ എഞ്ചിനീയർ - 52983, SBI- Project officer-43366 എന്നീ അക്കൗണ്ടുകൾ പ്രൊജക്റ്റുകളുടെ നടത്തിപ്പിനായി ആരംഭിച്ചതാകാം, അങ്ങിനെയെങ്കിൽ ടി അക്കൗണ്ടുകളിൽ കാണുന്ന നീക്കിയിരിപ്പ് തുകകൾ മുൻ വർഷങ്ങളിൽ ട്രഷറിയിൽ നിന്നും പദ്ധതി ആവശ്യങ്ങൾക്കായി പിൻവലിച്ച് നിക്ഷേപിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുകകളാകാം. ഇവ സർക്കാരിലേക്ക് തിരിച്ച് നൽകേണ്ട തുകകളാണ്. ഇപ്രകാരം സർക്കാരിലേക്ക് തിരികെ പോകേണ്ട തുകകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി തിരിച്ചടക്കേണ്ടതാണ്.

ഇടപാടുകളില്ലാത്ത നഗരസഭയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും ക്ലോസ് ചെയ്യേണ്ടതാണ്.

## 2-2 കടമുറികൾ വാടകക്ക് കൊടുത്തിട്ടില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന കടമുറികൾ വാടകക്കു കൊടുത്തിട്ടില്ല. ലേലം നടത്തിയപ്പോൾ ആരും ലേലം കൊള്ളാതിരുന്നതാണിതിനു കാരണം. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടം | വാർഡ്/ റൂം നമ്പർ |
|---|---|---|
| 1 | വനിതാ ഷോപ്പിങ്ങ് കോംപ്ളക്സ് | 18/127B, 18/127N, (reservation), 18/127Q |
| 2 | മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ട് | 18/128, 18/129 |
| 3 | റാണ ടൂറിസ്റ്റ് ഹോം രണ്ടാംനില | 15/719, 15/722, 15/723, 15/712, 15/721 |
| 4 | റാണാ ടൂറിസ്റ്റ് ഹോം ഡബിൾ റൂം | 15/712 |
| 5 | മത്സ്യ മാർക്കറ്റ് | 15/356-22 |
| 6 | മോഡേൺ മത്സ്യ മാർക്കറ്റ് | 15/337-A, 15/337-G, 337-H |
| 7 | ഫിഷ് മാർക്കറ്റ് സ്റ്റാൾ | 1, 2, 4, 5, 6, 7, 8, 9, 10, 12, 13, 21, 22, 23 |

വാടകക്കു പോകാത്ത മുറികൾ വാടകക്കു കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അങ്ങനെ വരുമാന നഷ്ടം കുറയ്ക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ചിരുന്നില്ല

തൊഴിൽ നികുതിയെ സംബന്ധിച്ച പ്രധാന രേഖയായ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുമ്പോൾ പൂർത്തീകരിച്ചിരുന്നില്ല. ഇതിനെക്കുറിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 5-ന് ലഭിച്ച മറുപടിയിൽ മേൽ പറഞ്ഞ രജിസ്റ്റർ 27-9-17 തിയ്യതിക്കകം പൂർത്തീകരിക്കാമെന്ന് പ്രസ്താവിക്കുകയും അങ്ങനെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിൽ യാതൊരുവിധ അനാസ്ഥയും പാടില്ലെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-4 മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് നടപ്പാക്കിയിട്ടില്ല

കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് (ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1997 പ്രകാരം മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15%

മാസവിഹിതം ആയി ഈടാക്കി മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഇരിങ്ങാലക്കുട നഗരസഭയിൽ ഇത്തരത്തിൽ ഒരു പെൻഷൻഫണ്ട് സൂക്ഷിക്കുന്നില്ല. ആയത് എത്രയും പെട്ടെന്ന് നടപ്പാക്കേണ്ടതാണ്.

## 2-5 റദ്ദാക്കിയ രസീതികൾ സാക്ഷ്യപ്പെടുത്തുന്നില്ല

നഗരസഭയിലെ റദ്ദാക്കിയ സാംഖ്യ രസീതികൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| തിയതി | രസീതി നമ്പർ | തുക |
|---|---|---|
| 15.3.16 | 11516114698 | 18927 |
| 21.3.16 | 11516114955 | 1481 |
| 31.3.16 | 11516115416 | 9664 |
| 3.3.17 | 11616111703 | 3557 |
| 8.3.17 | 11616111911 | 4500 |
| 14.3.17 | 11616112162 | 7878 |
| 27.3.17 | 11616500288 | 1250 |

രശീതികൾ റദ്ദാക്കുന്നതിന്റെ ആധികാരികത ഉറപ്പു വരുത്തേണ്ടതാണ്.

## 2-6 കെട്ടിട ക്രമവൽക്കരണം - ക്രമവൽക്കരണ ഫീ ഈടാക്കിയില്ല

ഇരിങ്ങാലക്കുട നഗരസഭ XIX വാർഡ്, മനവലശ്ശേരി വില്ലേജ് 1053/1-2, 1050/6 എന്നീ സർവ്വെ നമ്പറിൽ കൊച്ചു മേരി ജോസ് എന്നവരുടെ ഉടമസ്ഥതയിലുള്ള 10123.76 $m^2$ വിസ്തീർണ്ണമുള്ള 11 നില താമസാവശ്യത്തിനുള്ള കെട്ടിടം പണികഴിപ്പിക്കുന്നതിന് BA 467/12-13/29.10.13 നമ്പറായി നഗരസഭാ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരവും ഓവർസിയറുടെ റിപ്പോർട്ട് പ്രകാരവും കെട്ടിടം പൂർത്തീകരിച്ചിരിക്കുന്നത് 10908.10 $m^2$ വിസ്തൃതിയിലാണ്. അധിക നിർമ്മാണം റഗുലറൈസ് ചെയ്യാതെ കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും 784.34 $m^2$ അധിക നിർമ്മാണത്തിന് 16471.14 രൂപ (784.34x7x3) റഗുലറൈസേഷൻ ഫീയായി ഈടാക്കേണ്ടതുമാണ്.

## 2-7 ആധാരം എഴുത്തുകാർ, ടാക്സ് കൺസൾട്ടന്റ്മാർ എന്നിവർ തൊഴിൽ നികുതി അടയ്ക്കുന്നില്ല

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്തുകാർ, ടാക്സ് കൺസൽട്ടന്റ്മാർ, ഡോക്ടർമാർ തുടങ്ങിയവർ തൊഴിൽ നികുതി അടവാക്കുന്നതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി 4-ന് ലഭിച്ച മറുപടിയിൽ മേൽ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും

നാളിതുവരെയായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ എത്രയും പെട്ടെന്ന് നഗരസഭാ പരിധിയിൽ മേൽ വിഭാഗത്തിൽ പ്രവർത്തിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി വരുമാന പത്രിക ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-8 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഒന്നും തന്നെ പിരിക്കാതെയോ, അല്ലെങ്കിൽ ഭാഗികമായി മാത്രം നികുതി പിരിച്ചതായോ കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഇരിങ്ങാലക്കുട സോഷ്യൽ വെൽഫെയർ സൊസൈറ്റി |
| 2 | മാനേജർ, കോട്ടക്കൽ ആര്യവൈദ്യശാല |
| 3 | പൈതൃകം ചിട്ട്സ് |
| 4 | മുരുകൻ ടെക്സ്റ്റൈൽസ് |
| 5 | വനിത റെസ്റ്റോറന്റ് |
| 6 | പ്രെസ്റ്റി ഡെന്റൽ ക്ലിനിക്ക് |
| 7 | ചെമ്പകശ്ശേരി കുറീസ് |
| 8 | ടൗൺ കുറീസ് ആന്റ് ലോൺസ് |
| 9 | ധനസിംഹം കുറീസ് |
| 10 | എ.കെ.പി. വെസ്സൽസ് |
| 11 | അന്ന മോട്ടോഴ്സ് |
| 12 | സഹകരണ നീതി സ്റ്റോഴ്സ് |
| 13 | ഫാഷൻ പെയിന്റ്സ് |
| 14 | പീറ്റർ ഡെന്റൽ ക്ലിനിക്ക് |
| 15 | അക്കൗണ്ട്സ് സർവ്വീസ് സൊസൈറ്റി |
| 16 | പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് |
| 17 | സിറ്റി കേബിൾ വിഷൻ |
| 18 | ചന്ദ്രയാൻ കുറീസ് |
| 19 | നന്ദനം സാനിട്ടറീസ് |
| 20 | ടോപ് വൺ കുറീസ് |
| 21 | വിജയ ബാങ്ക് |
| 22 | കലിംഗ ചിട്ട്സ് |

| | |
|---|---|
| 23 | പി.എം.ആർ. പ്രോപ്പർട്ടീസ് |
| 24 | ജെക്കോ കാച്ചപ്പിള്ളി –ദന്താശുപത്രി |
| 25 | പ്രെഫസേഴ്സ് അക്കദമി |
| 26 | ഫാൻസി ഹയർ പർച്ചേയ്സ് |
| 27 | ലക്ഷ്യ കംപ്യൂട്ടർ സെന്റർ |
| 28 | കെ.കെ. ഫിനാൻസ് |
| 29 | സെവൻസീസ് ബാർ ആന്റ് റസ്റ്റോറന്റ് |
| 30 | കല്ലറയ്ക്കൽ ഗ്രൂപ്പ് കുറീസ് |
| 31 | കുനൽ ജ്വല്ലറി |
| 32 | മറിയ ബൈക്ക് ഹൗസ് |
| 33 | സിന്ധു തിയേറ്റർ |
| 34 | ഔർ ജോയ് |
| 35 | ഗ്രാമ്യ ഹോട്ടൽ |
| 36 | ജോ.വി. ക്ലിനിക്ക് |
| 37 | ശ്രീദത്ത് മെഡിക്കൽസ് |
| 38 | ഖാദി-കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 39 | വിജയകുമാർ -ചാർട്ടേഡ് അക്കൗണ്ടന്റ് |
| 40 | അമ്മാൻ ചിട്ട്സ് |
| 41 | റിലയൻസ് ഫ്രഷ് |

നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും പത്രിക തയ്യാറാക്കേണ്ടതും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് നിയമപ്രകാരമുള്ള തൊഴിൽ നികുതി മുൻസിപ്പാലിറ്റിയിലേയ്ക്ക് ഈടാക്കുന്നതിൽ യാതൊരു വീഴ്ചയും പാടില്ലെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-9 നഗരസഭയിലെ അനധികൃത നിർമ്മാണങ്ങൾ

2016-17 സാമ്പത്തികവർഷം റവന്യൂ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിൽ ഇരിങ്ങാലക്കുട നഗരസഭയിൽ നടന്നിട്ടുള്ള വളരെയധികം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്താനായിട്ടുണ്ട്. കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് U.A. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം നഗരസഭയ്ക്കുണ്ടായ വരവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ/ സ്ഥാപനം | ഡിമാന്റ് (w.e.f) | കളക്ഷൻ | രശീതി നമ്പർ |
|---|---|---|---|---|---|
| 1 | XVI/UA 59(1) | തോമസ് ലീ, എടപ്പുള്ളി | 58316 (16-17) | 58316 | 39840/ 4.5.17 |
| 2 | XVI/UA | വർഗ്ഗീസ് | 18703 | 18703 | 43520/ |

| | | | | | |
|---|---|---|---|---|---|
| | 226 H | അക്കരക്കാരൻ | (16-17) | | 29.7.17 |
| 3 | XI/UA 331 A2 | മില്ലി പോൾ, താഴ്ങ്ങ | 37308 (16-17) | 37308 | 044474/ 16.2.17 |
| 4 | VI/UA 55A1 | അനിൽകുമാർ | 3342 (16-17) | 3342 | 33200/ 28.2.17 |
| 5 | VII/UA 362A1 | ക്രൈസ്റ്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് | 99738 (15-16) | 199476 | 109830/ 28.2.17 |
| 6 | VI/UA 719(3) | പെനിൻസുല ചിട്ടീസ് | 42114 (16-17) | 42114 | 33975/ 1.3.17 |
| 7 | XVIII/UA 585 (1) | വിഷ്ണു ജിനൻ | 7776 (16-17 2nd half) | 3888 | 28130/ 16.12.16 |
| 8 | XI/UA 331 A1 | മില്ലി പോൾ | 16788 (16-17) | 16788 | 044474/ 16.2.17 |
| 9 | V/ 330 B6 | സണ്ണി സിൽക്സ് | 51468 (14-15) | 154404 | 501334/ 18.2.17 |
| 10 | VI/ UA 165 | അബ്ദുൾ ജബ്ബാർ | 47184 (16-17 2nd half) | 23592 | 37565/ 27.3.17 |
| 11 | VII/UA 219 (1) | സുഭ രാമചന്ദ്രൻ | 23298 (16-17) | 23298 | 30695/ 15.2.17 |
| 12 | VII/UA 219 (2) | സുഭ രാമചന്ദ്രൻ | 3528 (16-17) | 3528 | 30695/ 15.2.17 |
| 13 | XVIII/UA 200 (1) | ഫ്രാങ്ക് അടിയാട്ടി പറമ്പിൽ | 37192 (16-17) | 37192+ 18596 | 34064/ 4.3.17 45117/ 30.8.17 |
| 14 | VI/UA 55 B1 | വിംബിസ് ഫാസ്റ്റ് ഫുഡ് | 15504 (15-16) | 31008 | 33200/ 28.2.17 |
| 15 | VI/UA 381 (1) | ജോസഫ് വെള്ളാനിക്കാരൻ | 62154 (15-16) | 124308 | 045171/ 25.4.17 |
| 16 | V/UA 330 A1 | സിനി ജോയ് | 73980( 15-16) | 147960 | 501359/1.3.17 |
| 17 | XVIII/UA 194 A1 | കോക്കാട്ട് ഫർണീച്ചർ | 19830 | 39660 | 36656/ 17.3.16 |

| | | | | | |
|---|---|---|---|---|---|
| 18 | XVIII/UA 194 A2 | കോക്കാട്ട് ഫർണീച്ചർ | 17106 (16-17 2nd half) | 8553 | 36657/ 17.3.16 |
| 19 | XIV/UA 217 B1(1) | ജിനോയ് | 42471 (16-17) | 42471 | 12814/ 24.4.17 |
| 20 | XVI/UA 97(1) | കാത്തലിക് സെന്റർ | 52260 | 104520 | 39813/ 24.4.17<br>26130/ 14.8.17 |
| 21 | I/UA 271 A | ഫ്രാൻസിസ് ചെമ്പകശ്ശേരി | 5622 (16-17 2nd half) | 2811 | 36991/ 23.3.17 |
| 22 | XVI/UA 382 B | ശോഭ സിൽകസ് | 58518 (16-17 2nd half) | 29259 | 38988/ 11.4.17 |
| 23 | VI/UA 693 D | അവർ ഓൺ മാറ്ററസ് | 59058 (16-17 2nd half) | 59058+29529 | 116449003/ 31.3.17 |
| 24 | VI/UA 693 E | അവർ ഓൺ മാറ്ററസ് | 116572 (15-16 2nd half) | 58286+116572 | 116449003/ 31.3.17 |
| 25 | VI/UA 693 F | അവർ ഓൺ മാറ്ററസ് | 58064 (16-17 2nd half) | 29032+58064 | 116449003/ 31.3.17 |
| 26 | VI/UA 693 G | അവർ ഓൺ മാറ്ററസ് | 112860 (16-17 2nd half) | 56430+112860 | 116449003/ 31.3.17 |
| 27 | VI/UA 693 H | അവർ ഓൺ മാറ്ററസ് | 120660 (16-17 2nd half) | 60330 | 116449003/ 31.3.17 |

| | | | | | |
|---|---|---|---|---|---|
| 28 | VIII/UA 161 C | ജിനി മാത്യൂസ് | 332184 (16-17) | 332184 | 868686/ 30.3.17 |
| 29 | XVIII/UA 122 G | സ്മാർട്ട് ഡ്രൈ ക്ലീനിംഗ് | 5940 (16-17 2nd half) | 2970+ 5940+ 2970 | 39324/ 11.4.17 |
| | | | ആകെ | 20,95,320/- | |

VI/611 (B) (C) (D) (E) നമ്പർ നൽകിയിട്ടുള്ള സെല്ലാർ ഉൾപ്പെടെയുള്ള 5 നിലകളുള്ള ബഹുനില ടെറസ് വാണിജ്യകെട്ടിടത്തിന്റെ പുറക് ഭാഗത്ത് ഏകദേശം 248.30 $m^2$ വിസ്തൃതിയിൽ ഗോഡൗൺ പ്രവർത്തിക്കുന്നതായി കാണുന്നുവെന്ന് റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു (ഫയൽ നമ്പർ - R1-12880/17). നഗരസഭയുടെ അറിവോ അനുമതിയോ കൂടാതെ നിർമ്മിച്ച് ഉപയോഗപ്പെടുത്തുന്ന ഈ കെട്ടിടത്തിന് കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം 73746/- രൂപ നികുതി നിർണ്ണയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുക വഴി നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കാനായി എന്നുള്ളത് പ്രശംസനീയമായ നടപടിയാണ്.

2. കെട്ടിട പൂർത്തീകരണം/ നമ്പറിംഗിനുശേഷം അനധികൃതമായി കെട്ടിടങ്ങളിൽ കൂട്ടി ചേർക്കലുകൾ നടന്നു കൊണ്ടിരിക്കുന്നു. നഗരസഭയുടെ അനുമതിയില്ലാത്ത ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കാവുന്നതല്ല. അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നുള്ളതും കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 18 പ്രകാരം നടപടി സ്വീകരിക്കാതിരുന്നതും നിർമ്മാണങ്ങൾക്ക് നഗരസഭ മൗനാനുവാദം നൽകിയതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

3. കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 242(5) പ്രകാരം UA നമ്പർ നല്കിയിരിക്കുന്ന കെട്ടിടങ്ങൾക്ക് പ്രവർത്തനാനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതാണ്. നഗരസഭ ഇക്കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ്.

4. UA നമ്പർ നല്കിയിരിക്കുന്ന കെട്ടിടങ്ങൾ നിയമാനുസൃതമാക്കുകയോ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 18 പ്രകാരം നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# 2-10 വാടക ഈടാക്കിയിട്ടില്ല

താഴെ പറയുന്ന കടമുറികളുടെ കുത്തകാവകാശം ലേലം ചെയ്തു കൊടുത്തിട്ടുണ്ടെങ്കിലും 16-17 വർഷത്തിൽ വാടക അടവാക്കിയിട്ടില്ല വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടം | വാടകക്കാർ | റൂം നമ്പർ | ചുമത്തിയിട്ടുള്ള വാടക | കുറിപ്പുകൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വനിതാ ഷോപ്പിങ്ങ് കോംപ്ളക്സ് | സ്മിത ഷാജു, അമ്മനത്തു വീട്, എടക്കുളം | 18/127R | 6825 | 15-16-ൽ ആകെ പിരിച്ചത് 6825+990 |
| 2 | ഠാണാ ടൂറിസ്റ്റ് ഹോം രണ്ടാം നില | ബിജു ആന്റണി, പാറയ്ക്കൽ വീട്, ഐക്കരക്കുന്ന്, നടവരമ്പ് | 15/719 | 1035 | |
| 3 | ഠാണാ ടൂറിസ്റ്റ് ഹോം രണ്ടാം നില | ജയൻ, അരിമ്പ്ര, ചെട്ടിപറമ്പ് | 15/721 | 394 | |
| 4 | മാർക്കറ്റ് സ്റ്റാൾ | പി.എം.മോഹനൻ, പാണപറമ്പിൽ, കൈപ്പമംഗലം | 14/435 | 131 | |
| 5 | മത്സ്യ മാംസ മാർക്കറ്റ് | നിശാന്ത്.കെ.ജെ. കണ്ണമ്പിള്ളി, ഇരിഞ്ഞാലക്കുട | 14/356/17 | 889 | |
| 6 | മത്സ്യ മാംസ മാർക്കറ്റ് | ലീല മാണിക്യൻ, പഷ്ണത്ത് | 14/-356-22 | 770 | |

വാടക ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-11** മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ നഗരസഭയിൽ വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും പട്ടിക V [12-ാം ചട്ടം (5)-ാം ഉപചട്ടം പ്രകാരം വാട്ടർ സർവ്വീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് ആവശ്യമാണ്. സുലഭമായി ജലം ആവശ്യം വേണ്ടുന്ന വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ നഗരസഭയിൽ പ്രവർത്തിക്കുന്നത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെയാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയൽപ്പെട്ടിട്ടുണ്ട്.

ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി -8 മുഖേന ആരാഞ്ഞപ്പോൾ മറുപടി ലഭിക്കുകയുണ്ടായില്ല.

ജലത്തിന്റെ ഉപയോഗത്തിലും പരിപാലനത്തിലും യാതൊരുവിധ നിയന്ത്രണവും ഇല്ലാതെ വാട്ടർ സർവ്വീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമായി

ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കടമുറി നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|
| 24/786 | വിജയൻ.കെ.ആർ.,<br>പുറ്റുങ്ങൾ റോഡ്, ഇരിങ്ങാലക്കുട |
| 24/813 | രമേഷ് കുമാർ.വി.എം.,<br>വലിയ പറമ്പിൽ, മണ്ണാത്തിക്കുളം റോഡ് |
| 24/814 | കെ.വി.സുബ്രഹ്മണ്യൻ, താണിശ്ശേരി |
| 12/284 | ജോൺ ഫ്രാൻസിസ്, കണ്ടംകുളത്തി റോഡ് |

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നഗരസഭയുടെ സാംഖ്യ പേയ്മെന്റ് ക്രമപ്രകാരമല്ല

നഗരസഭയുടെ അക്കൗണ്ടിംഗ് സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ചാണെങ്കിലും നഗരസഭ ഫലപ്രദമായി സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നില്ല. ചെലവു രേഖ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

യഥാസമയം പേമെന്റ് സാംഖ്യയിൽ രേഖപ്പെടുത്തുന്നില്ല

ഇരിങ്ങാലക്കുട നഗരസഭയുടെ മാനവൽ ക്യാഷ് ബുക്ക് പ്രകാരമുള്ള പല ചെലവുകളും യഥാസമയം സാംഖ്യ ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്തതായി കാണുന്നു. റീ കൺസീലിയേഷൻ സമയത്ത് വിട്ടു പോയ എൻട്രികൾ കറക്ട് ചെയ്തു വരുന്നുണ്ടെങ്കിലും മിക്ക പേയ്മെന്റുകളും യഥാസമയം രേഖപ്പെടുത്താതെ പിന്നീട്/റീ കൺസീലിയേഷൻ സമയത്ത് എൻട്രി വരുത്തുന്ന രീതി ശരിയല്ല.

നഗരസഭയുടെ ചെലവ് വൗച്ചറിനോടൊപ്പം സാംഖ്യ വൗച്ചർ സൂക്ഷിക്കുന്നില്ല

നഗരസഭയുടെ ചെലവ് വൗച്ചറിനോടൊപ്പം സാംഖ്യ വൗച്ചർ സൂക്ഷിച്ചിട്ടില്ല. ചെലവ് വൗച്ചറിനോടൊപ്പം സാംഖ്യ വൗച്ചർ സൂക്ഷിക്കുന്നത് ഓരോ പേയ്മെന്റും സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നു. ചെലവു വൗച്ചറിനോടൊപ്പം സാംഖ്യ വൗച്ചർ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സാംഖ്യയിൽ payment ചെയ്യാത്ത ചെക്ക് മുഖേന ബാങ്കിൽ നിന്ന് തുക പിൻവലിച്ചു. ബാങ്ക് റിട്ടേൺ ചെയ്ത ചെക്ക് സാംഖ്യയിൽ ക്യാൻസൽ ചെയ്തില്ല

തനതു ഫണ്ട് വൗച്ചർ 76 5/16 പ്രകാരം 146377/- രൂപ (ചെക്ക് നമ്പർ 460012 ) നഗരസഭ, കെട്ടിട നിർമാണ ലോണിന്റെ തിരിച്ചടവായി ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. 31.5.16-ന് ചെക്ക് നമ്പർ 460012 ആയി നഗരസഭ ബാങ്ക് ബുക്കിൽ പേയ്മെന്റ് രേഖപ്പെടുത്തുകയും ചെയ്തു. SBI പാസ്ബുക്ക് പ്രകാരം 2.6.16-ന് ചെക്ക് നമ്പർ 460012 return ചെയ്യുകയും return charge ആയി

460/- രൂപ കുറവു ചെയ്യുകയും ചെയ്തിട്ടുണ്ട്. നഗരസഭയുടെ ബാങ്ക് ബുക്കിൽ ടി ചെക്ക് ക്യാൻസൽ ചെയ്തിരുന്നില്ല.

SBI പാസ്ബുക്ക് പ്രകാരം 4.7.16-ന് ചെക്ക് നമ്പർ 460028 മുഖേന 146377/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെക്ക് നമ്പർ 460028 നഗരസഭയുടെ ബാങ്ക് ബുക്കിൽ പേയ്മെന്റായി രേഖപ്പെടുത്തിയിട്ടില്ല. ബാങ്ക് ക്യാൻസൽ ചെയ്ത ചെക്ക് സാംഖ്യയിൽ ക്യാൻസൽ ചെയ്യാതെയും സാംഖ്യയിൽ payment ചെയ്യാത്ത ചെക്ക് മുഖേന ബാങ്കിൽ നിന്ന് തുക പിൻവലിച്ചതും ക്രമപ്രകാരമല്ല. ഓഡിറ്റ് അന്വേഷണം 1/5.6.17-നെ തുടർന്ന് അപാകത പരിഹരിച്ചു.

നഗരസഭ അക്കൗണ്ടിംഗ് –നഗരസഭയ്ക്ക് തുക നഷ്ടമായി

യഥാസമയം പേയ്മെന്റ് സാംഖ്യയിൽ രേഖപ്പെടുത്താത്തത് ചെക്ക് റിട്ടേൺ ആകുന്നതിന് ഇടയാക്കുകയും SBI പാസ്ബുക്ക് പ്രകാരം 2.6.16-ന് ചെക്ക് നമ്പർ 460012 return ചെയ്തതിന് return charge ആയി 460/- രൂപ ബാങ്ക് കുറവു ചെയ്യുകയും ചെയ്തു. മതിയായ തുക ബാങ്കിൽ ഇല്ലാത്തത് ചെക്ക് റിട്ടേണിന് കാരണമായി. മതിയായ തുക ബാങ്കിൽ ഇല്ലാതിരുന്ന സാഹചര്യം അക്കൗണ്ട് സൂക്ഷിപ്പിലെ ഗുരുതര വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-2 സ്ഥാപന സോഫ്റ്റ് വെയർ അപാകത

സ്ഥാപന സോഫ്റ്റ് വെയർ മുഖേന ജനറേറ്റ് ചെയ്യുന്ന നഗരസഭയുടെ പേബില്ലിൽ സീമ.പി., ക്ളർക്ക് (Basic Pay 20550)-ന്റെ പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കുന്നത് രേഖപ്പെടുത്തുന്നില്ല. ജീവനക്കാരിയുടെ കോൺട്രിബ്യൂഷൻ വിവരം നഗരസഭ കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും നാളിതു വരെ ഈ അപാകത പരിഹരിക്കാത്തത് ശരിയായ നടപടിയല്ല. സോഫ്റ്റ് വെയറിലെ അപാകത പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ ഇത്തരം സോഫ്റ്റ് വെയറുകളിലൂടെ നിറവേറ്റപ്പെടുമ്പോൾ അതിന്റെ കൃത്യത ഉറപ്പാക്കേണ്ടതും പോരായ്മകൾ/അപാകതകൾ യഥാസമയം റിപ്പോർട്ട് ചെയ്ത് പരിഹരിക്കേണ്ടതും സ്ഥാപനത്തിന്റെ ചുമതലയാണ്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-3 അഡ്ജസ്റ്റ്മെന്റ് വൗച്ചർ ഹാജരാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്. ടി തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | പ്രവൃത്തിയുടെ പേര് | മുൻകൂർ കൈപ്പറ്റിയത് | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 88 4/16 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി | എം.ആർ. ബാബു PWOII | 25000/ 27.4.16 |
| 49 | പാഴ്മരങ്ങൾ | കെ.ഡി.രാകേഷ് | 4000/ |

| | | | |
|---|---|---|---|
| 6/16 | മുറിച്ചു മാറ്റുന്നതിന് | | 21.6.16 |
| 33 8/16 | 2016-ലെ സ്വാതന്ത്ര്യ ദിനാഘോഷം | ഫ്രാൻകോ ജോസ്, JHI | 50000/ 11.8.16 |
| 45 11/16 | 2016-ലെ കേരളോൽസവം | കെ.ജി.അനിൽ JHI | 50000/ 10.11.16 |
| 32 11/16 | ഹരിത കേരളം | മധു ഗോപൻ JHI | 20000/ 8.12.16 |
| 21 1/17 | ഹരിത കേരളം | മധു ഗോപൻ JHI | 20000/ 4.1.17 |
| ആകെ | | | 1,69,000/- |

ചെലവു രേഖകളുടെ അഭാവത്തിൽ 169000/- രൂപ തടസ്സപ്പെടുത്തുന്നു. മുൻകൂറുകൾ 3 മാസത്തിനുള്ളിൽ ക്രമീകരിക്കാത്ത പക്ഷം ജി.ഒ.(പി) നം. 419/17/ഫിൻ തീയതി.04/10/2011 പ്രകാരം 18% (per annum) പിഴ പലിശ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 7/06.06.17)

## 3-4 അംഗൻവാടി വൈദ്യുതീകരണം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

വിജയ മഹിള സമാജം അംഗൻവാടി, E.K നായനാർ സ്മാരക അംഗൻവാടി എന്നിവയുടെ വൈദ്യുതീകരണത്തിനായി 56250/-, 61875/- രൂപ തനതു ഫണ്ടിൽ നിന്ന് 5.05.16-ന് PWD Elecrical Division, Thrissur-ന് നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം നാളിതു വരെ ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ഒരേ ദിവസം രണ്ടു വാഹനങ്ങളുടെ തുക കൈപ്പറ്റി

നഗരസഭയുടെ രണ്ടു വാഹനങ്ങളുടെ തുക ഒരേ ദിവസം ഡ്രൈവറായ റിൻസൺ തോമസ് കൈപ്പറ്റിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തിയതി | വാഹനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 19.4.16 | KL8AJ-9218 | 30-5/16 | 650 |
| 19.4.16 | KL45J-5308 | 13-5/16 | 650 |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ഇത്തരം അപാകതകൾ പരിശോധിക്കേണ്ടതും അപാകതകൾ ഇല്ലാതെ ചെലവ് അനുവദിയ്ക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 ആയുർവേദ ആശുപത്രിക്ക് ലാബ് എക്യുപ്മെന്റ്സ് വാങ്ങൽ - ക്വട്ടേഷൻ നടപടി സ്വീകരിച്ചില്ല

പ്രോജക്ട് നമ്പർ : SO160/17

അടങ്കൽ – 50,000/-

| ബിൽ നമ്പർ | തുക |
|---|---|
| 98/16-17/ 30.11.16 | 18640/- |
| 132/16-17/ 20.03.17 | 31174 |

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദം

ആയുർവേദ ആശുപത്രിക്ക് ലാബ് എക്യുപ്മെന്റ്സ് വാങ്ങുന്നതിനായി മേൽ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സാധനങ്ങൾ സമാഹരിക്കുന്നതിനായി ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് മാർഗരേഖ GO(P)259/2010/LSGD തി.8.11.10 ബാധകമാണ്. വാങ്ങൽ നടപടിക്രമങ്ങളിലെ സുതാര്യത ഉറപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-7 മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്നതിനായി നഗരസഭ വിവിധ പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | സ്ഥാപനം | ബിൽ നമ്പർ | തുക | കുറിപ്പ് |
|---|---|---|---|---|
| SO163/17 | താലൂക്ക് ആശുപത്രി, ഇരിങ്ങാലക്കുട | 1/16-17/ 28.02.17 | 126000/- | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും 1 ലക്ഷം രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല |
| SO163/17 | താലൂക്ക് ആശുപത്രി, ഇരിങ്ങാലക്കുട | 2/16-17/ 25.03.17 | 74000/- | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുളങ്കുന്നത്തുകാവിൽ നിന്നും 29193/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| SOO37/17 | ഹോമിയോ ഡിസ്പെൻസറി | 1/16-17/ 30.01.17 | 400000/- | ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമായിട്ടില്ല |
| SO171/16-17 | പി.എച്ച്.സി. പൊറിത്തിശ്ശേരി | 5/16-17/ 28.02.17 | 284620/- | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല |

കാലതാമസം കൂടാതെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

1. പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ താഴെ കാണിച്ച പദ്ധതികളിൽ വകയിരുത്തിയ തുകയുടെ 24% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. സ്പിൽ ഓവർ പദ്ധതികളായ ഭവനനിർമ്മാണം, വീട് പുനരുദ്ധാരണം എന്നിവയിലും പകുതിയിലധികം തുക ചെലവഴിക്കാതെ ശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ, പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| 1 | 3/17 സ്പിൽ ഓവർ ഭവന നിർമ്മാണം | 7770000/- | 1830000 | 23 |
| 2 | 4/17 സ്പിൽ ഓവർ വീട് പുനരുദ്ധാരണം | 1775000/- | 887500 | 50 |
| 3 | 177/17 തുറന്ന കിണർ നിർമ്മാണം | 85000/- | 17000 | 20 |
| 4 | 178/17 ഇരട്ടവീട് ഒറ്റവീട് ആക്കൽ | 1800000/- | 60000 | 3 |
| 5 | 180/17 പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് | 625000/- | 100000 | 16 |

| | | | | |
|---|---|---|---|---|
| | ധനസഹായം | | | |
| 6 | 517/17 ഡിഗ്രി, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പഠനമുറി | 2400000 | 550000 | 23 |
| | ആകെ | 14455000 | 3444500 | 23 |

പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ തുക കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ അധികൃതരുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 16 തിയ്യതി.9.06.2017)

2. ഭവനനിർമ്മാണം സ്പിൽ ഓവർ പ്രൊജക്ടിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും | നാളിതുവരെ കൈപ്പററിയ തുക |
|---|---|---|
| 1 | സുജാത, ചോഴിപറമ്പിൽ, ഇരിങ്ങാലക്കുട | 210000 |
| 2 | കോമള, പിണ്ടിയത്ത്, മാപ്രാണം | 30000 |
| 3 | അമ്മിണി, പെരുമ്പിള്ളി, മൂർക്കനാട് | 120000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിലയിരുത്തി ആയത് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-9** ഗാർഹിക ബയോഗ്യാസ് പ്ലാന്റ് - പ്രൊജക്ട് വിഭാവനം ചെയ്തതിൽ അപാകം

ഹെൽത്ത് ഓഫീസർ മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് പദ്ധതി വിഭാവനം ചെയ്തതിൽ വന്ന അപാകത നിമിത്തം ഉദ്ദേശിച്ച ഫലപ്രാപ്തി നേടാനായില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ - S16/17

ഗുണഭോക്താക്കൾ - 166

| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഗുണഭോക്തൃ വിഹിതം |
|---|---|---|
| വകയിരുത്തിയ തുക | 1058250 | 352750 |
| ചെലവഴിച്ച തുക | 96900 | 32300 |

പ്രതിദിനം 2.25 kg മാലിന്യം സംസ്കരിക്കുന്ന 0.5 $m^3$ ബയോഗ്യാസ് പ്ലാന്റ് വാങ്ങുന്നതിനാണ് നഗരസഭ ടെണ്ടർ നടത്തിയത്. ആയതിന് 10.02.17-ലെ 652/TS 29/DSM/2017 നമ്പർ കത്തു മുഖേന ശുചിത്വ മിഷന്റെ സാങ്കേതിക അനുവാദം ലഭ്യമായിരുന്നു. ചാലക്കുടിയിലെ നാഷണൽ എനർജി & വേസ്റ്റ് മാനേജ്മെന്റ് കോ ഓപ്പറേറ്റീവ് മൾട്ടി പർപ്പസ് സോസൈറ്റി ( കേരള ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ടെണ്ടർ ലഭിച്ചു. 2016-17-ൽ ഗുണഭോക്തൃ വിഹിതം ഒടുക്കിയ 83 പേരിൽ 17 പേരുടെ വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു. എന്നാൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച ഇടങ്ങളിൽ 9.6.2017-ന് നടത്തിയ സ്ഥല പരിശോധനയിൽ 0.5 $m^{3-}$ന് പകരം 1$m^3$ പ്ലാന്റുകൾ സ്ഥാപിച്ചിരിക്കുന്നതായി കണ്ടു. ആദ്യം ലഭ്യമാക്കിയ 0.5 $m^3$ പ്ലാന്റുകളിൽ നിന്നും 15 മിനിറ്റ് കത്താൻ പോലും ആവശ്യമായ വാതകം ലഭിച്ചിരുന്നില്ലെന്ന് വീട്ടമ്മമാർ പറഞ്ഞു. അവരെല്ലാം സ്ഥാപനത്തിന് അധിക തുക നൽകി 1 $m^3$ പ്ലാന്റുകൾ സ്ഥാപിക്കുകയായിരുന്നു. തുടർന്ന് ഒന്നു മുതൽ ഒന്നരമണിക്കൂർ വരെ സ്റ്റൗ കത്തിക്കാൻ ആവശ്യമായ വാതകം ലഭിക്കുന്നുണ്ടെന്ന് വീട്ടമ്മമാർ അറിയിച്ചു.

ടെണ്ടർ ക്ഷണിക്കുന്നതിന് മുമ്പ് ഗാർഹിക ബയോഗ്യാസ് പ്ലാന്റിനെ സംബന്ധിച്ച് വേണ്ടത്ര സാങ്കേതിക പരിജ്ഞാനം നേടിയിരുന്നില്ല എന്നു വ്യക്തമാണ്. നഗരസഭയുടെ ശുപാർശ അംഗീകരിച്ച ശുചിത്വമിഷനും ഫലപ്രാപ്തിയെക്കുറിച്ച് അന്വേഷിച്ചില്ല. മേൽ പറഞ്ഞ വസ്തുതകളിൽ നിന്നും പ്രോജക്ട് വിഭാവനം ചെയ്യുന്നതിൽ നഗരസഭയ്ക്ക് പാളിച്ച പറ്റിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

## **3-10** എസ്.എസ്.എ. വിഹിതം

പ്രൊജക്റ്റ് നമ്പർ - SO124/17

നിർവ്വഹണം - പ്രധാനാദ്ധ്യാപിക, GMBHSS, ഇരിങ്ങാലക്കുട

അടങ്കൽ - 26,87,000/-

ചെലവ് - ട്രഷറി ബിൽ നം.-1/15.2.2017 (NEFT dated 15.2.17), 26,87,000/-

എസ്.എസ്.എ. പദ്ധതിക്കുള്ള നഗരസഭാവിഹിതമായി മേൽ പറഞ്ഞ പദ്ധതി പ്രകാരം 26,87,000/- രൂപ വകയിരുത്തുകയും എസ്.എസ്.എ.ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

2016-17 വർഷം നഗരസഭയിലെ സ്കൂളുകളിൽ നടത്താനുദ്ദേശിച്ച പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്.എസ്.എ. തയ്യാറാക്കിയ പ്രൊജക്റ്റ് റിപ്പോർട്ട്, ആയതിന്റെ അടിസ്ഥാനത്തിൽ തുക ആവശ്യപ്പെട്ടുകൊണ്ടുള്ള എസ്.എസ്.എ.യുടെ നഗരസഭക്കുള്ള കത്ത്, പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-12/8.6.2017)

# 3-11 തെരുവു വിളക്ക് പരിപാലനം

ഇരിങ്ങാലക്കുട നഗരസഭയിൽ 2016-17 വർഷത്തിൽ തെരുവുവിളക്കുകളുടെ പരിപാലനത്തിനായി താഴെ പറയും പ്രകാരം 3 പ്രൊജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

1) SO120/17 - തെരുവുവിളക്ക് വാർഷിക അറ്റകുറ്റപണികൾ

അടങ്കൽ - വികസനഫണ്ട് (ജനറൽ)-374721 + വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) - 2625279, ആകെ = 30,00,000/-

ചെലവ്-

| ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ | ട്രഷറി ബിൽ ബുക്ക് പ്രകാരമുള്ള ബിൽ നമ്പർ | തുക |
|---|---|---|
| 87 | 17813/15/ 31.3.2017 | 20,90,500 |
| 88 | 17813/15(C)/ 31.3.2017 | 5,34,669 |
| 89 | 17813/15(C)/ 31.3.2017 | 3,74,721 |

2) SO577/17-വിവിധവാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ – ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 20,00,000

ചെലവ് – 2016-17 വർഷത്തിൽ ചെലവില്ല

3) SO548/17 - സ്ട്രീറ്റ് ലൈറ്റ് PCB/LED റിപ്പയറിംഗ്

അടങ്കൽ – വികസനഫണ്ട് (ജനറൽ) - 3,00,000

ചെലവ്-

| ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ | ട്രഷറി ബിൽ ബുക്ക് പ്രകാരമുള്ള ബിൽ നമ്പർ/ തിയതി | തുക |
|---|---|---|
| 85 | 17813/16(B)/ 31.3.2017 | 1,00,000 |

തെരുവുവിളക്കുകളുടെ പരിപാലനപദ്ധതികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) അറ്റകുറ്റപ്പണി നടത്തേണ്ട തെരുവു വിളക്കുകളുടെ വിശദാംശങ്ങൾ സംബന്ധിച്ച പരാതി രജിസ്റ്റർ, നഗരസഭയിൽ നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം, ഇനം, ഇലക്ട്രിക് പോസ്റ്റ് നമ്പർ, പോസ്റ്റ് നിൽക്കുന്ന സ്ഥലം തുടങ്ങിയ വിവരങ്ങളടങ്ങിയ രജിസ്റ്റർ എന്നിവ പരിശോധനക്ക്

ലഭ്യമാക്കിയിട്ടില്ല.

2) വാങ്ങിയ തെരുവുവിളക്ക സാമഗ്രികളുടെ ഗ്യാരണ്ടി പിരിയഡ് രേഖപ്പെടുത്തിവച്ച് ടി കാലയളവിനുള്ളിൽ കേടുവന്നവ മാറ്റിവാങ്ങുന്നുണ്ടോ എന്ന വിവരം ഓഡിറ്റ് എൻക്വയറിയിൽ അവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

3) KSEB-യുടെ കണക്കുകൾ പ്രകാരം നഗരസഭയിൽ നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണവും, അറ്റകുറ്റപ്പണിയുടെ കരാർ പ്രകാരമുള്ള എണ്ണവും തമ്മിൽ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | KSEB യുടെ കണക്കുകൾ പ്രകാരമുള്ള എണ്ണം | | |
|---|---|---|---|
| | ഇലക്ട്രിക്കൽ സെക്ഷൻ നം.1 | ഇലക്ട്രിക്കൽ സെക്ഷൻ, കരുവന്നൂർ | ആകെ |
| 40w, ordinary bulb | 84 | 557 | 641 |
| 80W SVL | 32 | -- | 32 |
| 80W Mercury lamp | 52 | -- | 52 |
| 22W CFL | 1890 | -- | 1890 |
| 80W Double tube | 655 | 331 | 986 |
| 40W Single tube | 34 | 15 | 49 |
| 150W SVL | 210 | -- | 210 |
| 60W ordinary bulb | | 50 | 50 |
| 250W SVL | | 8 | 8 |
| 18W CFL | | 1487 | 1487 |
| TOTAL | 2957 | 2448 | 5405 |

അറ്റകുറ്റപ്പണിയുടെ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം,

| ഇനം | എണ്ണം |
|---|---|
| Tube ordinary | 850 |
| Ordinary CFL 20W | 850 |
| Automatic CFL | 3219 |

| SVL | 182 |
|---|---|

നഗരസഭയിൽ നിലവിലുള്ള തെരുവുവിളക്കുകളുടെ കണക്ക് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കൃത്യമായി തയ്യാറാക്കേണ്ടതാണ്.

4)SO120/17 നമ്പർ പ്രൊജക്റ്റിൽ, തെരുവു വിളക്ക് സാമഗ്രികൾ വാങ്ങുന്നതിനും ആയതുപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രത്യേകം ടെന്റർ വിളിച്ച്, ഇലക്ട്രോമെറ്റ് ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തിൽ നിന്നും 20,90,500 രൂപക്ക് തെരുവുവിളക്ക് സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. പി.വി.ശ്രീനിവാസൻ എന്ന വ്യക്തിയാണ് അറ്റകുറ്റപ്പണിയുടെ കരാറുകാരൻ. തെരുവുവിളക്ക് സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും കരാറുകാരന് അറ്റകുറ്റപ്പണിക്കായി അവ കൈമാറിയതു സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല, കേടായത് തിരികെ ഏല്പിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല.

5) SO120/17-തെരുവുവിളക്ക് വാർഷിക അറ്റകുറ്റപ്പണികൾ എന്ന പദ്ധതിയിലെ കരാറുകാരനായ ശ്രീ.പി.വി.ശ്രീനിവാസനുമായുള്ള കരാർ കാലാവധി 5/9/2017-നാണ് അവസാനിക്കുന്നത്, എന്നാൽ ട്രഷറി ബിൽ നം.17813/15(C)/31.3.2017 എന്നിവ പ്രകാരം നിലവിലെ കരാറനുസരിച്ചുള്ള മുഴുവൻ തുകയും ഇദ്ദേഹത്തിന് അനുവദിച്ചു കാണുന്നു. കരാർ പ്രകാരമുള്ള ബാക്കി കാലയളവിലെ അറ്റകുറ്റപ്പണികൾ എപ്രകാരം നടപ്പിലാക്കും എന്നത് സംബന്ധിച്ച് വ്യക്തത വരുത്താൻ താത്പര്യപ്പെടുന്നു.

6) നിലവിലുള്ള പദ്ധതി പ്രകാരം വാങ്ങിയ തെരുവു വിളക്ക് സാമഗ്രികൾ ആവശ്യത്തിന് തികയാത്തതിനാലും തെരുവു വിളക്ക് കത്താത്തത് കോളനികളിലും മറ്റും സംഘർഷാവസ്ഥക്ക് കാരണമാകുമെന്നതിനാലും, ക്രിസ്തുമസ്, ന്യൂ ഇയർ സമയമായതിനാലും അടിയന്തിര സാഹചര്യം പരിഗണിച്ച് അഴിച്ചുമാറ്റിയ പഴയ CFL PCB-കൾ റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ ഭരണ സമിതി തീരുമാനമെടുത്ത് SO548/17-സ്ട്രീറ്റ് ലൈറ്റ് PCB/LED റിപ്പയറിംഗ് എന്ന പ്രൊജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. 13.1.2017-ന് ടെന്റർ വിളിച്ച് 20.1.2017-ന് ഫേയ്മസ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെന്റർ അംഗീകരിച്ചു. കരാർ വച്ചത് 10.3.2017ന്.

1500 എണ്ണം CFL PCB റിപ്പയർ, 100 എണ്ണം LED Drive റിപ്പയർ എന്നീ പണികൾ നടത്തുന്നതിന് 1,80,000/-രൂപക്കാണ് കരാർ. MB 79/16 പ്രകാരം നാളിതുവരെ 1000 എണ്ണം CFL PCB റിപ്പയർ മാത്രമാണ് ചെയ്തിട്ടുള്ളത്. 1,00,000/- രൂപ കരാറുകാരന് അനുവദിച്ചു. ടെന്റർ സ്വീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും അടിയന്തിര സാഹചര്യം കണക്കിലെടുത്ത് തയ്യാറാക്കിയ ഈ പ്രൊജക്റ്റ് പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന് അറ്റകുറ്റപ്പണി നടത്തേണ്ട സാമഗ്രികൾ കൈമാറിയത് രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ലഭിച്ചിട്ടില്ല.

7) മുകളിൽ പറഞ്ഞ രണ്ടു കരാറുകാർക്ക് (ശ്രീ.പി.വി.ശ്രീനിവാസൻ, ശ്രീ.യൂസുഫ്.എം.ബി (ഫേമസ് ഇലക്ട്രിക്കൽസ്) എന്നിവർക്ക്) ബാങ്ക് അക്കൗണ്ട് വഴി കൈമാറിയ തുകകൾ ലഭിച്ചിട്ടില്ലെന്ന പരാതിയുള്ളതായി ഫയലിൽ കാണുന്നു. {ഫയൽ നം.PW4-17813/15, PW4-17813/16(B)}. തുകയുടെ കൈപ്പറ്റ് രശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം-18/9.6.2017)

## 3-12 മരാമത്തു പ്രവൃത്തികൾ പൊതു അവലോകനം

2016-17 വർഷത്തിൽ 329 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 219 പദ്ധതികൾ നടപ്പിലാക്കി. 104 എണ്ണം പൂർത്തിയാക്കി. 19 പദ്ധതികൾ ഉപേക്ഷിച്ചു. 168455564 രൂപയാണ്

പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്നത്. ഇതിൽ 50196400 രൂപയാണ് മൊത്തം ചെലവഴിച്ചത്. 118259164 രൂപ ചെലവഴിച്ചില്ല. 29.79 % മാത്രമാണ് ചെലവഴിയ്ക്കാനായത്.

10% പ്രവൃത്തികളിൽ ഷ്റെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡുകൾ ടാർചെയ്യുന്നതിനുള്ള ശ്രമം ഉണ്ടായിട്ടുണ്ട്.

പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കുന്നില്ല. മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃതമായി പിടിച്ചടയ്ക്കേണ്ട നികുതികൾ അടവാക്കുന്നതിന്റെ ചലാനുകൾ ബില്ലുകളുടെ ഒപ്പം സൂക്ഷിക്കുന്നില്ല.

## 3-13 മുൻകൂർ തുക അനുവദിച്ച പദ്ധതികൾ - മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചു

12 ാം പദ്ധതിയുടെ 2016-17 വർഷത്തേക്ക് ബാധകമായ ആസൂത്രണ സബ്സിഡി മാർഗ്ഗരേഖയായ സർക്കാർ ഉത്തരവ് (എം.എസ്).നം.4/2016/ത.സ്വ.ഭ.വ./ തിയതി.11.1.16-ലെ ഖണ്ഡിക 6.15(X) (ബി) &(സി) പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ ആയി തുക നൽകണമെങ്കിൽ പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് മേൽ സ്ഥാപനങ്ങൾ തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതും അതു പ്രകാരം തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ ഈ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. അതിനുശേഷം മാത്രമേ തദ്ദേശഭരണ സ്ഥാപനം മുൻകൂർ തുക അനുവദിക്കാവൂ. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ മുൻകൂർ തുക അനുവദിച്ചിരിക്കുന്നു.

SO561/17 - കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി അംഗീകാരം വാങ്ങിയത് 6.3.17-നും കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് നൽകിയിരിക്കുന്നത് 27.03.17-നുമാണ്. മേൽ പദ്ധതിയിൽ അടങ്കൽ തുകയും എസ്റ്റിമേറ്റ് തുകയും തമ്മിൽ 300000/- രൂപയുടെ വ്യത്യാസം വരികയും ചെയ്തു. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമായതിനുശേഷമേ തദ്ദേശ ഭരണ സ്ഥാപനം പ്രോജക്ട് തയ്യാറാക്കേണ്ടതുള്ളൂ. എന്നാൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും തുക അനുവദിക്കുന്നതിന് മുമ്പ് കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കുകയോ മുൻകൂർ തുക അനുവദിക്കുന്നതിന് മുമ്പ് ഈ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | ബിൽ നമ്പർ | തുക | പ്രോജക്ട് അംഗീകാരം ലഭിച്ച തിയതി | എസ്റ്റിമേറ്റ് ലഭിച്ച തിയതി |
|---|---|---|---|---|---|
| SO 569/17 | ബൈപ്പാസ് റോഡിലും വിവിധ | PW4-5488/ 16-17 | 2000000/ 31.03.17 | 6.03.17 | തിയതി രേഖപ്പെടുത്തിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | റോഡിലും സ്ട്രീറ്റ് ലൈൻ വലിക്കൽ- കെ.എസ്.ഇ.ബി.ക്ക് മുൻകൂർ നൽകിയത് | | | | |
| SO 544/17 | ജവഹർ കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ- കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയത് | PW4-3320/ 16-17 | 232000/ 25.03.17 | 10.01.16 | 15.02.17 |
| SO 567/17 | ട്രഞ്ചിംഗ് ഗ്രൗണ്ടിലേക്ക് കറന്റ് കുടിവെള്ളം- കേരള ഭൂജലവകുപ്പിന് മുൻകൂർ നൽകിയത് | PW4-4783/ 16-17 | 20179/ 25.03.17 | 6.03.17 | 15.02.17 |
| SO 561/17 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയത് | PW4-5396/ 16-17 | 1000000/ 31.03.17 | 6.03.17 | 27.03.17 (1300000/-) |

ഭാവിയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രവൃത്തി നടപ്പിലാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 13/9.6.17-ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതും സർക്കാർ നിർദേശം പാലിക്കേണ്ടതുമാണ്.

## **3-14** വനിതകൾക്ക് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം - ആവശ്യമായ എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടില്ല

ഫയൽ നമ്പർ – pw1-10791/15

പദ്ധതി നമ്പർ – 127/16, SOO13/17

അടങ്കൽ തുക - 6065000 (വികസന ഫണ്ട്)

ടെണ്ടർ വേരിയേഷൻ - 11.67% below

കരാറുകാരൻ – ടി.എ.മൂസ

എം.ബി. - 27/16, 69/16

കരാർ നമ്പർ - 218/15-16 dtd. 19.5.2016

ചെലവ് - 5238480 (first part bill—2262630/- pw1-10791/15, dtd.14.11.16, Second part bill – 2975850/- pw1-10791/15 dated 27.3.17)

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-2017) പുതുക്കിയ മാർഗ്ഗരേഖ (ജി.ഒ.എം.എസ്. 4/2016 ത.സ്വ.ഭ.വ. തിയ്യതി. 11.1.16 ഖണ്ഡിക x111 c,) നിർമ്മാണ പ്രവൃത്തി പ്രോജക്ടുകൾ പ്രകാരം, ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കുവാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവർത്തികൾ ആവശ്യമാണോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം എന്നാണ്. ഇലക്ട്രിഫിക്കേഷൻ, പ്ളംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയി കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം ഈ പ്രവൃത്തികൾ ചെയ്യുകയുമാണ് (മരാമത്തു ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് ) വേണ്ടത്. തുകയ്ക്കു അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ അങ്ങനെ തയ്യാറാക്കിയാൽ അതിനു അംഗീകാരം നൽകുവാനോ പാടില്ല, തുകയുടെ പരിമിതി ഉണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണം.

വനിതകൾക്കു ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണം രണ്ടാം ഘട്ടം എന്ന 127/16-ാം നമ്പർ പദ്ധതി പ്രകാരം 6065000/- രൂപയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല. ഇലക്ട്രിഫിക്കേഷൻ തുക വകയിരുത്താത്തതു മൂലം നിർമ്മാണം കഴിഞ്ഞ പല കെട്ടിടങ്ങളും ഉപയോഗയോഗ്യമാക്കാൻ കഴിയാതെ കിടക്കുന്നത് സാധാരണയായിരിക്കുന്നു. ആയതിനാൽ സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

കൂടാതെ ടി പ്രവർത്തിയുടെ എസ്റ്റിമേറ്റിലെ ഇനം നമ്പർ 1, 2, 3, 4 എന്നിവ പ്രകാരം പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗത്തിനായി സ്റ്റോക്ക് ചെയ്തതായി എം.ബി. നമ്പർ 27/16-ൽ രേഖപ്പെടുത്തിയതായി കാണുന്നുണ്ട്. ടി സാധനങ്ങൾ ലേലം ചെയ്ത് തനതു ഫണ്ടിൽ അടവാക്കിയിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-15 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല

12-ാം പഞ്ചവത്സര പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) 4/16 ത.സ്വ.ഭ.വ. തിയതി. 11.1.16 കാർഷിക മേഖല ഖണ്ഡിക 10 പ്രകാരം, ജലസേചന പദ്ധതികളുടെ അടങ്കൽതുകയുടെ 10% തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതും നിർവ്വഹണത്തിനു മുമ്പായി അത്രയും തുക തദ്ദേശഭരണ സ്ഥാപനത്തിൽ പണമായി അടയ്ക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പദ്ധതികളിൽ ഇത്തരത്തിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും രശീതിനമ്പർ 21711/ 28.3.17പ്രകാരം 23460 രൂപ ഗുണഭോക്തൃവിഹിതമായി മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

കൂടാതെ ടി രണ്ടു പദ്ധതികളിലും ഗുണഭോക്തൃസമിതി രൂപീകരിച്ചതിന്റെ വിവരങ്ങളൊന്നുംതന്നെ ഫയലിൽ ലഭ്യമല്ല. പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി നമ്പർ | അടങ്കൽ | ചെലവ് | ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ വിവരം | നിർവ്വഹണ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| ചിത്രവള്ളി ലിഫ്റ്റ് ഇറിഗേഷൻ | 418/16, 101/17 | 400000 | 263558 | 23460/- 21711/28.3.17 | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ | എം.ഇ. |
| പുറക്കാട്ടുകുന്ന് ലിഫ്റ്റ് ഇറിഗേഷൻ | Soo 87/17 | 300000 | 278187 | ഇല്ല | do | do |

ഇത്തരം പദ്ധതികൾ സർക്കാർ ഉത്തരവിൽ പറയുന്നതു പ്രകാരം നടപ്പാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-16 രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി ഭവനങ്ങളിലേയ്ക്ക്

ഫയൽനമ്പർ – pw1 11125/15, 76/17

പദ്ധതിനമ്പർ - 357/16

അടങ്കൽ - 1283300

കരാർ നമ്പർ - 209/15-16 dtd.4, 3, 16

ചെലവ് - 852924
ബിൽ നമ്പർ - 238/16/ 31.03.16 തുക –256660/-
77/17/ 30.03.17 തുക –596264/-

സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ് മേൽ പ്രവർത്തി ഏറ്റെടുത്തിരുന്നത്. ടി പ്രവർത്തി 2015-16 വർഷത്തിൽ ആരംഭിച്ചതാണ്. ഇതിനായി രണ്ടു വർഷങ്ങളിലായി 852924 രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ പദ്ധതിയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2) പദ്ധതിയിൽ എന്തെല്ലാം പ്രവർത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയാൻ കഴിയുന്നില്ല.

3) പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്നോ എത്രപേർക്കു ഗാർഹിക കണക്ഷൻ കൊടുത്തുവെന്നോ അറിയാൻ കഴിഞ്ഞില്ല.

4) പ്രോജക്ട് അതിന്റെ ലക്ഷ്യം കൈവരിച്ചുവോ എന്ന് അറിയാൻ കഴിഞ്ഞില്ല.

5) മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-17 ഡോക്ടർ അംബേദ്കർ സ്മാരക സാംസ്കാരിക നിലയം - ഗുണഭോക്താക്കൾക്ക് തുറന്നു കൊടുത്തിട്ടില്ല

ഫയൽ നമ്പർ - pw1 9425/14

പ്രോജക്റ്റ് നമ്പർ - so 373/15, 53/16, 46/17

എസ്റ്റിമേറ്റ് - 5273125

നിർവ്വഹണം നിർമ്മിതികേന്ദ്രം

ചെലവ് - 5101591

ഇരിഞ്ഞാലക്കുട നഗരസഭ, വാർഡു 9-ൽ പട്ടിക ജാതിക്കാർക്കായി 5101591 രൂപ ചെലവഴിച്ച് നിർമ്മിച്ച ഡോക്ടർ അംബേദ്കർ സ്മാരക സാംസ്കാരിക നിലയത്തിന്റ പണി പൂർത്തീകരിച്ചുവെങ്കിലും കെട്ടിടം ജനങ്ങൾക്കു തുറന്നു കൊടുത്തിട്ടില്ല. ആയതു ജനങ്ങൾക്കു തുറന്നു കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറിബിൽ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | SO569/17 വിവിധ വാർഡുകളിലും ബൈപ്പാസ് റോഡിലും സ്ട്രീറ്റ് ലൈൻ വലിക്കൽ | 84/ 30.3.17 | 20,00,000 | 0 | 20,00,000 |

| | | | | | |
|---|---|---|---|---|---|
| KWA | SO561/17- 1 മുതൽ 36 വരെയുള്ള വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ | 86/ 30.3.17 | 10,00,000 | 0 | 10,00,000 |

മേൽ പറഞ്ഞ പ്രകാരം ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ഡെപ്പോസിറ്റ് തുകകൾ വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഓഡിറ്റ് വർഷത്തിൽ മരാമത്ത് പ്രവർത്തികൾക്ക് അഡ്വാൻസ് നല്കുകയും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നല്കാത്തതിന്റെയും വിവരം

| ക്രമ നമ്പർ | നിർവ്വഹണം | പ്രവർത്തിയുടെ പേര് | ബിൽ /വൗച്ചർ നമ്പർ / ചെക്ക് നമ്പർ | തുക | ബാക്കി |
|---|---|---|---|---|---|
| 1 | SEUF | 357/16 | 407983/ 19.4.16 | 1283300 | -- |
| 2 | SEUF | 356/16 | 407982/ 19.4.16 | 600000 | -- |
| 3 | SEUF | 377/16 | 407984/ 19.4.16 | 300000 | -- |
| 4 | SEUF | 403/16 | 407987/ 19.4.16 | 800000 | -- |
| 5 | SEUF | 387/16 | 407985/ 19.4.16 | 300000 | -- |
| 6 | SEUF | 418/16 | 407988/ 19.4.16 | 400000 | -- |
| 7 | SEUF | 332/16 | 407986/ 19.4.16 | 300000 | -- |

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിന് | KURDFC/ A2/1476/08 | 5690000 | 1224000 | 369000 | 130301 | 855000 |
| പുതിയ ഓഫീസ് കെട്ടിട നിർമ്മാണത്തിന് | TDC | 10000000 | 5170334 | 1028078 | 582069 | 4142256 |

മാർച്ച് മാസത്തെ തിരിച്ചടവ് 146377/- (മുതൽ 102813 + പലിശ 43564) വാർഷികകണക്കിൽ RP-25 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ആയത് പ്രതിഫലിച്ച് കാണുന്നില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2223539/- |
| തൻവർഷം നിക്ഷേപിച്ച തുക | Nil |
| ആകെ | 2223539/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2400936/- (പലിശയുൾപ്പെടെയുള്ള തുക) (ക്രിമേറ്റോറിയം ഫണ്ട്, വിജയാബാങ്ക്, ഇരിഞ്ഞാലക്കുട, SB A/c no- 209503291000092) |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 215303619 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 199221590 |
| വരവിനങ്ങളിലുള്ള നഷ്ടം | 16471.14 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം, ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1021924 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-6 | 16471.14 | | ബീന.എസ്.കുമാർ, സെക്രട്ടറി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3 | 169000 | സെക്രട്ടറി, ശ്രീമതി. ബീന.എസ്.കുമാർ |
| 3.16 | 256660 | ശ്രീ.ബി.സത്യനാഥ്, മുനിസിപ്പൽ എഞ്ചിനീയർ |
| 3-16 | 596264 | ശ്രീ.മണികണ്ഠകുമാർ.ടി., മുനിസിപ്പൽ എഞ്ചിനീയർ |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടോത്തരവാദികളുടെ സ്ഥിരം മേൽവിലാസം

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബീന.എസ്.കുമാർ, സെക്രട്ടറി | സെക്രട്ടറി, നെടുമങ്ങാട് മുനിസിപ്പാലിറ്റി, തിരുവനന്തപുരം | ശിവശൈലം, ടി.സി. 42/443(2), തവലോട്ടു നഗർ, വള്ളക്കടവ്.പി.ഒ., |

| | | |
|---|---|---|
| | | തിരുവനന്തപുരം – 695 008 |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.2-4178/76 - 01.06.76 |
| 72-73 | എൽ.എഫ്.ടി.2-2545/75 - 04.06.76 |
| 73-74 | എൽ.എഫ്.ടി.2-5231/75 - 25.02.77 |
| 74-75 | എൽ.എഫ്.ടി.2-586/76 - 13.03.76 |
| 75-76 | എൽ.എഫ്.ടി.2-108/77 - 16.08.77 |
| 76-77 | എൽ.എഫ്.ടി.2-1116/78 - 16.04.79 |
| 77-78 | എൽ.എഫ്.ടി.4 - 670/80 - 22.05.80 |
| 78-79 | എൽ.എഫ്.ടി.4 - 2226/80 - 19.12.81 |
| 79-80 | എൽ.എഫ്.ടി.4-116/82- 31.04.83 |
| 80-81 | എൽ.എഫ്.ടി.4-2638/83 - 24.04.85 |
| 81-82 | എൽ.എഫ്.ടി.4-2663/86 - 11.05.87 |
| 82-83 | എൽ.എഫ്.ടി.4-1943/87 - 11.10.88 |
| 83-84, 84-85 | എൽ.എഫ്.ടി.4-424/91 - 13.09.91 |
| 85-86 | എൽ.എഫ്.ടി.4 - 19.09.92 |
| 86-87 | എൽ.എഫ്.ടി.4-465/93 - 31.03.94 |
| 87-88, 88-89 | എൽ.എഫ്.ടി.4-2013/95 - 5.10.96 |
| 89-90, 90-91 | എൽ.എഫ്.ടി.4-1258/96 - 11.04.97 |
| 91-92 മുതൽ 95-96 വരെ | എൽ.എഫ്.ടി.4-35/09 - 11.05.10 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.4-1042/97 - 31.03.08 |
| 96-97 (വരവ്) | എൽ.എഫ്.ടി.4-437/09 - 12.10.10 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.4-1669/99 - 09.06.2000 |
| 97-98 (വരവ്) | എൽ.എഫ്.ടി.4-138/09/ 12.10.10 |
| 98-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01 12.12.01 |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.4-568/02 06.03.03 |
| 99-2000 (വരവ്) | എൽ.എഫ്.ടി.4-440/09 23.10.2010 |
| 2000-01 ചെലവ് | എൽ.എഫ്.ടി.4-1560/04 26.02.05 |
| 2001-02 | എൽ.എഫ്.ടി.4-1220/05-05.01.06/17.07.06 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-441/09/ 23.10.10 |

| | |
|---|---|
| 2001-02 (വരവ്) | എൽ.എഫ്.ടി.4-433/09/ 23.10.10 |
| 2002-03 (ചെലവ്) | എൽ.എഫ്.ടി.4-809/07 30.04.07 |
| 2002-03 (വരവ്) | എൽ.എഫ്.ടി.4-434/09/ 21.05.2010 |
| 2003-04 | എൽ.എഫ്.ടി.4-1093/09 04.02.2011 |
| 2004-05 | എൽ.എഫ്.ടി.4-1094/09-07.02.2011/16.08.2011 |
| 2005-06 | എൽ.എഫ്.ടി.4-1612/10/24.05.2011/21.10.11 |
| 2006-07 | എൽ.എഫ്.ടി.4-1013/2010/27.09.2011/21.10.11 |
| 2007-08 | എൽ.എഫ്.ടി.(എം)692/2011/03.11.2011 |
| 2008-09 | എൽ.എഫ്.ടി.(എം)2078/11/03.11.2011 /06.07.2012 |
| 2009-10 | എൽ.എഫ്.ടി.(എം)2597/11 20.06.12/05.07.12 |
| 2010-11 (വരവ്) | എൽ.എഫ്.ടി.(എം)2598/11 20.06.2012/05.07.12 |
| 2011-12 | എൽ.എഫ്.ടി.(എം)56/13 09.04.13/16.08.13 |
| 2012-13 | എൽ.എഫ്.ടി.(എം)242/14 dt.8.5.14/9.6.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.-932/15 dt.16.10.15 |
| 2014-15 | കെ.എസ്.എ. ടി.എസ്.ആർ.- (എം) 1403/16 dt.06.08.16 |
| 2015-16 | കെ.എസ്.എ. ടി.എസ്.ആർ.- (എം) 91/2017 തീയതി.30.01.2017 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# <u>അനുബന്ധം - 1</u>

നം.കെ.എസ്.എ.ടി.എസ്.ആർ(എം)1541/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, തൃശ്ശൂർ-20
ഫോൺ നമ്പർ – 0487 2331249
ഇ മെയിൽ - dotsr.ksad@kerala.gov.in
തിയ്യതി.24.11.2017

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇരിങ്ങാലക്കുട നഗരസഭയുടെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

No.KSA-TSR(M)1541/2017

Kerala state audit department,
District audit office, Thrissur-20
Phone No. 0487 2331249
E-mail -dotsr.ksad@kerala.gov.in
Date-24.11.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Irinjalakuda Municipality in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4)of Kerala Municipality Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Municipalities.

In my opinion, the Financial Statements of Irinjalakuda Municipality for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Joint Director,
District Audit Office,
Thrissur.